(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേരളത്തിലെ ജലസമ്പത്ത് അന്യസംസ്ഥാനങ്ങളിലേക്ക് അനധികൃതമായി കടത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ ജലസേചന വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇൻവെസ്റ്റിഗേഷൻ സർക്കിൾ, തൃശ്ശൂർ, വിജിലൻസ് കോ-ഓർഡിനേറ്ററായും, എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കട്ടപ്പന വിജിലൻസ് ഓഫീസറായും നിയോഗിക്കപ്പെട്ടിട്ടുണ്ട്. മൈനർ ഇറിഗേഷൻ, തേക്കടി മോണിറ്ററിംഗ് സെക്ഷൻ, മുല്ലപ്പെരിയാർ അണക്കെട്ടിലുള്ള വെള്ളത്തിന്റെ അളവ് നിശ്ചിത ഇടവേളകളിൽ രേഖപ്പെടുത്തുന്നുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ കടൽ ക്ഷോഭംമൂലം അപകടത്തിൽപെടുന്നവരെ രക്ഷിക്കുവാൻ നടപടി

*13 [193] ശ്രീ. ഉമേഷ് ചള്ളിയിൽ:
" ഷിബു ബേബി ജോൺ:
" ജോണി നെല്ലൂർ:
" എ. എൻ. രാജൻ ബാബു:
" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ കടൽക്ഷോഭംമൂലം അപകടത്തിൽപെടുന്നവരെ രക്ഷിക്കുവാൻ ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഉൾക്കടലിൽ അപകടത്തിൽപ്പെടുന്നവർക്കായി എന്തെല്ലാം രക്ഷാ സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) കടലിൽ അപകടത്തിൽപ്പെടുന്നവരെ കണ്ടെത്താൻ ആകാശ നിരീക്ഷണം നടത്തുന്നതിന് ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രംഗത്ത് നിലവിലുള്ള പരിമിതികൾ തരണം ചെയ്യാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ, ബി ആന്റ് സി) കടൽക്ഷോഭംമൂലം അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുവാൻ താഴെപ്പറയുന്ന സജ്ജീകരണങ്ങൾ ചെയ്തിട്ടുണ്ട്:

(1) മറൈൻ എൻഫോഴ്സ്മെന്റ് പോലീസ് സൂപ്രണ്ടിന്റെ ഓഫീസിലെ ഫിഷറീസ് ഇൻഫർമേഷൻ നെറ്റ് വർക്ക് കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നു.

(2) സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി 13 ബോട്ടുകൾ സജ്ജമാക്കിയിട്ടുണ്ട്.

(3) തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള തീരദേശ ജില്ലകളിൽ വയർലെസ് നെറ്റ്വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(4) കോസ്റ്റ് ഗാർഡിന്റേയും നേവിയുടേയും സേവനം ആകാശ നിരീക്ഷണത്തിനും രക്ഷാപ്രവർത്തനത്തിനും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റോഡുകളിൽ 'സൈൻ' ബോർഡുകൾ

*14 [194] ശ്രീ. എൻ. രാജൻ:
" പി. എസ്. സുപാൽ:
" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ 'സൈൻ' ബോർഡുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന്റെ നിയന്ത്രണത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ടെൻഡർ വിളിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ടെൻഡറുകൾ ലഭിച്ചു;

(സി) ഏതു കമ്പനിക്ക് എന്ത് തുകയ്ക്കാണ് ടെൻഡർ ഉറപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡുകളിൽ ഈ ബോർഡുകൾക്ക് ഉപയോഗിക്കേണ്ട ഉൽപ്പന്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗരേഖകളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്. 6 ടെൻഡറുകളാണ് ലഭിച്ചത്.

(സി) സൈൻ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വിവിധ തലങ്ങളിൽ നിന്നും ഉയർന്നുവന്ന പരാതികളുടെ അടിസ്ഥാനത്തിൽ തുടങ്ങിവെച്ച ടെൻഡർ നടപടികൾ റദ്ദുചെയ്യുവാനും സൈൻ ബോർഡുകളുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടെ എല്ലാ വശങ്ങളും വിശദമായി പരിശോധിച്ച ശേഷം പുനർ ടെൻഡർ ക്ഷണിക്കുവാനും 24-5-2004-ൽ സർക്കാർ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ചുള്ള തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) പ്രത്യേക മാർഗ്ഗരേഖകളൊന്നും ഇല്ല.

തമിഴ്നാട് വെള്ളം ചോർത്തുന്നതിനെതിരെ നടപടി

*15 [195] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുമ്പോഴും സംസ്ഥാനത്തെ പല സ്ഥലങ്ങളിൽ നിന്നും തമിഴ്നാട് വെള്ളം ചോർത്തിക്കൊണ്ട് പോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly